# പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 6684 01.11.2011 - ൽ മറുപടിക്ക്

## മാവേലിക്കര മണ്ഡലത്തിലെ കുടിവെള്ളക്ഷാമം

**ചോദ്യം**

ശ്രീ. ആർ. രാജേഷ്

(എ) മാവേലിക്കര മണ്ഡലത്തിലെ കുടിവെള്ളക്ഷാമം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(ബി) മാവേലിക്കര മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ ഏതെല്ലാമാണ്; പൂർത്തീകരിക്കപ്പെടാതെ കിടക്കുന്ന പദ്ധതികൾ ഉണ്ടോ; എങ്കിൽ ഏത്; എന്ന് പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന് അറിയിക്കുമോ;

**മറുപടി**

ശ്രീ. പി ജെ. ജോസഫ്
(ജലവിഭവ വകുപ്പ് മന്ത്രി)

(എ) ഉണ്ട്. മാവേലിക്കര മണ്ഡലത്തിലെ വർദ്ധിച്ചുവരുന്ന ജല ഉപഭോഗവും ജനസംഖ്യാ നിരക്കു വർദ്ധനവും മൂലം ജലദൗർലഭ്യം ഉള്ളതായി ബോധ്യപ്പെട്ടിട്ടുണ്ട്. ഇതു പരിഹരിക്കുന്നതിനായി നൂറനാട്, ചുനക്കര, പാലമേൽ വില്ലേജുകൾക്കായി ഒരു ത്വരിത ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതിയും, ഭരണിക്കാവിനു സമീപ വില്ലേജുകളായ തെക്കേകര, പെരിങ്ങല വില്ലേജുകൾക്ക് വേണ്ടിയുള്ള Phase I പദ്ധതിയും നടപ്പാക്കി കൊണ്ടിരിക്കുന്നു. ടി പദ്ധതികളുടെ പൂർത്തീ-കരണത്തോടെ മാവേലിക്കര മണ്ഡലത്തിലെ കുടിവെള്ളക്ഷാമം പരിഹിക്കാൻ സാധിക്കുന്നതാണ്.

(ബി) മാവേലിക്കര മണ്ഡലത്തിലെ നിലവിലുള്ള കുടിവെള്ള പദ്ധതികൾ

| | |
|---|---|
| 1. | UWSS to മാവേലിക്കര |
| 2. | RWSS to തഴക്കര |
| 3. | RWSS to നൂറനാട് |
| 4. | RWSS to താമരക്കുളം |
| 5. | RWSS to തെക്കേക്കര |
| 6. | RWSS to വള്ളികുന്നം |
| 7. | RWSS to ചുനക്കര |
| 8. | ARWSS to ചുനക്കര, നൂറനാട്, പാലമേൽ വില്ലേജുകൾക്കു വേണ്ടിയുള്ള പദ്ധതി Phase I & II |

| | |
|---|---|
| 9. | ഭരണിക്കാവിനും സമീപ വില്ലേജുകളായ തെക്കേക്കര, പെരിങ്ങല വില്ലേജുകൾക്ക് വേണ്ടിയുള്ള പദ്ധതി Phase I |

പൂർത്തികരിക്കാത്ത പദ്ധതികൾ

1. ARWSS to ചുനക്കര, നൂറനാട്, പാലമേൽ വില്ലേജുകൾക്കു വേണ്ടിയുള്ള പദ്ധതി Phase I & II
2. ഭരണിക്കാവിനും സമീപ വില്ലേജുകളായ തെക്കേക്കര, പെരിങ്ങല വില്ലേജുകൾക്ക് വേണ്ടിയുള്ള പദ്ധതി Phase I

പുതുക്കിയ ഭരണാനുമതി ലഭ്യമാകുന്ന മുറയ്ക്ക് പണികൾ ഏറ്റെടുത്ത് സമയ ബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) മാവേലിക്കര നഗരസഭയ്ക്കായി മുൻ സർക്കാർ അനുവദിച്ച കുടിവെള്ള ശുദ്ധീകരണ പ്ലാന്റിന്റെ പുനരുദ്ധാരണ പദ്ധതി നടപ്പിലാക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിൽ ഉണ്ടോ; ഉണ്ടെങ്കിൽ എന്ത് തടസ്സമാണുള്ളതെന്നും അത് പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ എന്നും വ്യക്തമാക്കുമോ ?

(സി) മാവേലിക്കര ജലശുദ്ധീകരണശാല പുനരുദ്ധാരണ പ്രവൃത്തികൾക്കു വേണ്ടി 42.30 ലക്ഷം രൂപയുടെ അനുമതി ലഭിച്ചിരുന്നു. ഇതിൻ പ്രകാരം മൂന്നു വട്ടം ദർഘാസുകൾ ക്ഷണിച്ചിരുന്നു. എന്നാൽ ആരും തന്നെ ദർഘാസ് ഫാറങ്ങൾ വാങ്ങിയിരുന്നില്ല. തുടർന്ന് നെഗോഷ്യേറ്റഡ് ടെണ്ടർ വിളിക്കുകയും ക്വോട്ടു ചെയ്ത തുക വളരെ കൂടുതലായതിനാൽ ടെണ്ടർ ക്യാൻസൽ ചെയ്യുകയുണ്ടായി. തുടർന്ന് പുതുക്കിയ ഷെഡ്യൂൾ പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കിയെങ്കിലും എസ്റ്റിമേറ്റ് തുക ഭരണാനുമതിക്കുള്ളിൽ നിൽക്കാത്തതിനാൽ ഒരു പുതിയ പ്രൊപ്പോസൽ തയ്യാറാക്കി വരുന്നു.

സെക്ഷൻ ഓഫീസർ